Published on 2.6.15

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 352

# 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 352

# 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ

480/2015.

# 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ

## മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടി ഒരു സംസ്ഥാന കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടി ഒരു സംസ്ഥാന കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

### അദ്ധ്യായം I

### പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2015 മേയ് 16-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "കമ്മീഷൻ" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ എന്നർത്ഥമാകുന്നു ;

(ബി) "മുന്നോക്ക വിഭാഗം" എന്നാൽ സർക്കാർ ഗസറ്റ് വിജ്ഞാപനം മുഖേന പ്രസിദ്ധപ്പെടുത്തുന്ന 9-ാം വകുപ്പ് (എ) ഖണ്ഡപ്രകാരം കമ്മീഷൻ കണ്ടെത്തിയിട്ടുള്ള മുന്നോക്ക വിഭാഗങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും വിഭാഗം എന്നർത്ഥമാകുന്നു ;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(ഡി) "അംഗം" എന്നാൽ കമ്മീഷനിലെ ഒരു അംഗം എന്നർത്ഥമാകുന്നതും അതിൽ ചെയർപേഴ്സൺ ഉൾപ്പെടുന്നതുമാകുന്നു ;

(ഇ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ

3. മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷന്റെ രൂപീകരണം.---(1) സർക്കാർ, ഈ ആക്റ്റിന്റെ പ്രാരംഭതീയതിക്കുശേഷം, കഴിയുന്നത്ര വേഗം, ഗസറ്റ് വിജ്ഞാപനം വഴി, "മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ" എന്നറിയപ്പെടുന്ന ഒരു നികായം, ഈ ആക്റ്റിൻ കീഴിൽ അതിന് നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും വേണ്ടി, രൂപീകരിക്കേണ്ടതാണ്.

(2) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന താഴെപ്പറയുന്ന അംഗങ്ങൾ കമ്മീഷനിൽ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(എ) സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ജഡ്ജി ആയിരിക്കുന്നതോ ആയിരുന്നിട്ടുള്ളതോ ആയ ഒരാൾ; അദ്ദേഹം കമ്മീഷന്റെ ചെയർപേഴ്സൺ ആയിരിക്കുന്നതാണ് ;

(ബി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, മുന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ള മുന്നോക്ക സമുദായത്തിൽപ്പെട്ട രണ്ട് അംഗങ്ങൾ;

(സി) ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി അല്ലെങ്കിൽ ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ മൂന്നു വർഷത്തിൽ കുറയാതെ സേവനം അനുഷ്ഠിച്ചിട്ടുള്ള ഒരാൾ; അദ്ദേഹം കമ്മീഷന്റെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്.

4. <u>ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഔദ്യോഗിക കാലാവധിയും സേവന വ്യവസ്ഥകളും.</u>—(1) ഓരോ അംഗത്തിനും, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ മൂന്ന് വർഷക്കാലം തൽസ്ഥാനത്ത് തുടരാവുന്നതാണ്.

(2) കമ്മീഷന്റെ ചെയർപേഴ്സണോ അംഗത്തിനോ ഏതു സമയത്തും സർക്കാരിന് സ്വന്തം കൈപ്പടയിൽ രേഖാമൂലം അറിയിപ്പ് നൽകിക്കൊണ്ട് അദ്ദേഹത്തിന്റെ ഔദ്യോഗിക സ്ഥാനം രാജി വയ്ക്കാവുന്നതാണ്.

(3) ചെയർപേഴ്സന്റെയോ അംഗത്തിന്റെയോ ഔദ്യോഗിക സ്ഥാനത്തുനിന്നും ഒരാളെ, അയാൾ,—

(എ) ഒരു അവിമുക്ത നിർദ്ധനൻ ആയിത്തീരുക; അല്ലെങ്കിൽ

(ബി) സർക്കാരിന്റെ അഭിപ്രായത്തിൽ സാന്മാർഗ്ഗിക ദൂഷ്യം ഉൾപ്പെടുന്ന കുറ്റത്തിന് കുറ്റം സ്ഥാപിക്കപ്പെട്ട് തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുക; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാത്ത ആളായിത്തീരുകയും അധികാരമുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയും ചെയ്യുക; അല്ലെങ്കിൽ

(ഡി) ജോലി ചെയ്യാൻ വിസമ്മതിക്കുകയോ ജോലി ചെയ്യാൻ കഴിവില്ലാതായി തീരുക; അല്ലെങ്കിൽ

(ഇ) കമ്മീഷനിൽ നിന്നും അനുമതി നേടാതെ കമ്മീഷന്റെ തുടർച്ചയായുള്ള മൂന്ന് യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുക; അല്ലെങ്കിൽ

(എഫ്) അയാൾ ആ സ്ഥാനത്ത് തുടരുന്നത് മുന്നോക്കവിഭാഗങ്ങളുടെ താൽപ്പര്യത്തിനോ പൊതുതാൽപ്പര്യത്തിനോ ഹാനികരമായിത്തീരത്തക്കവിധം, ചെയർ പേഴ്സന്റെയോ അംഗത്തിന്റെയോ ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തി എന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം;

സർക്കാർ നീക്കം ചെയ്യേണ്ടതാണ് :

എന്നാൽ ഈ ഉപവകുപ്പ് പ്രകാരം യാതൊരാളെയും ആ സംഗതിയിൽ അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ നീക്കം ചെയ്യാവുന്നതല്ല.

(4) (2)-ാം ഉപവകുപ്പ് പ്രകാരം മറ്റു വിധത്തിലോ ഉണ്ടായ ഒരു ഒഴിവ്, പുതിയ നാമനിർദ്ദേശം വഴി, സർക്കാർ നികത്തേണ്ടതാണ്.

(5) ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും അവരുടെ സേവനത്തിന്റെ മറ്റ് നിബന്ധനകളും ഉപാധികളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

5. കമ്മീഷനിലെ ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും.— (1) കമ്മീഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും സർക്കാർ നൽകേണ്ടതാണ്.

(2) കമ്മീഷന്റെ ആവശ്യത്തിനുവേണ്ടി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും അവരുടെ സേവന വ്യവസ്ഥകളും ഉപാധികളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

6. ശമ്പളവും ബത്തകളും ഭരണപരമായ ചെലവുകളും ഗ്രാന്റിൽനിന്ന് നൽകണമെന്ന്.— ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും 5-ാം വകുപ്പിൽ പരാമർശിച്ച ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും പെൻഷനും ഉൾപ്പെടെയുള്ള ഭരണപരമായ ചെലവുകളും, 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഗ്രാന്റിൽനിന്നും നൽകേണ്ടതാണ്.

7. ഒഴിവുകൾ, മുതലായവ കമ്മീഷന്റെ നടപടികളെ അസാധുവാക്കുന്നതല്ലെന്ന്. കമ്മീഷന്റെ രൂപീകരണത്തിലുള്ള ന്യൂനതയാലോ കമ്മീഷനിൽ നിലനിൽക്കുന്ന ഒഴിവിനാലോ കമ്മീഷന്റെ ഏതെങ്കിലും പ്രവൃത്തിയോ നടപടിക്രമമോ അസാധുവാകുന്നതല്ല.

8. നടപടിക്രമം കമ്മീഷൻ നിയന്ത്രിക്കണമെന്ന്.—(1) ചെയർപേഴ്സൺ യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള സമയത്തും സ്ഥലത്തും ആവശ്യമുള്ളപ്പോഴെല്ലാം കമ്മീഷൻ യോഗം ചേരേണ്ടതാണ്.

എന്നാൽ കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും അങ്ങനെയുള്ള യോഗം ചേരേണ്ടതാണ്.

(2) കമ്മീഷന് അതിന്റെ സ്വന്തം നടപടിക്രമങ്ങളെ നിയന്ത്രിക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) കമ്മീഷന്റെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും മെമ്പർ സെക്രട്ടറിയോ മെമ്പർ സെക്രട്ടറി ഇതിലേക്ക് യഥാവിധി രേഖാമൂലം അധികാരപ്പെടുത്തിയ കമ്മീഷന്റെ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ പ്രമാണീകരിക്കേണ്ടതാണ്.

## അദ്ധ്യായം III

## കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും

9. കമ്മീഷന്റെ ചുമതലകൾ.—കമ്മീഷൻ താഴെ പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(എ) കേരള സംസ്ഥാനത്തിലെ മുന്നോക്കവിഭാഗങ്ങളെ കണ്ടെത്തി ഒരു ലിസ്റ്റ് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുക;

(ബി) മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ പ്രശ്നങ്ങൾ പഠിക്കുകയും അപഗ്രഥിക്കുകയും ക്ഷേമകാര്യങ്ങൾ സർക്കാരിലേക്ക് ശിപാർശ ചെയ്യുകയും ചെയ്യുക;

(സി) മുന്നോക്കവിഭാഗമായി ഉൾപ്പെടുത്താനുള്ള ഏതെങ്കിലും വിഭാഗത്തിന്റെ അഭ്യർത്ഥനകൾ പരിശോധിക്കുകയും അതു സംബന്ധിച്ച പരാതികൾ കേൾക്കുകയും ഉചിതമെന്നു തോന്നുന്ന ഉപദേശം സർക്കാരിന് നൽകുകയും ചെയ്യുക;

(ഡി) മുന്നോക്കവിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനുള്ള ആസൂത്രണ നടപടികളിൽ പങ്കെടുക്കുകയും ഉപദേശിക്കുകയും സംസ്ഥാനത്ത് അവരുടെ വികസനത്തിലുണ്ടായ പുരോഗതി വിലയിരുത്തുകയും ചെയ്യുക;

(ഇ) മുന്നോക്കവിഭാഗങ്ങളുടെ ക്ഷേമത്തിനും സാമൂഹിക സാമ്പത്തിക പുരോഗതിക്കും ആവശ്യമായ വ്യവസ്ഥകളും മറ്റു നടപടികളും ഫലവത്തായി നടപ്പാക്കുന്നതിനുവേണ്ടി സർക്കാർ കൈക്കൊള്ളേണ്ട നടപടികളെ സംബന്ധിച്ച ശിപാർശകൾ നൽകുകയും വാർഷികമായോ കമ്മീഷന് യുക്തമെന്നു കരുതുന്ന സമയത്തോ സർക്കാരിന് റിപ്പോർട്ട് നൽകുകയും ചെയ്യുക;

(എഫ്) മുന്നോക്കവിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസ പരവുമായ പുരോഗതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് പഠനം, ഗവേഷണം, വിശകലനം എന്നിവ നടത്തുക;

(ജി) മുന്നോക്കവിഭാഗങ്ങളെ സംബന്ധിച്ച് സർക്കാർ സ്വീകരിക്കേണ്ട അനുയോജ്യമായ നടപടികൾ നിർദ്ദേശിക്കുക;

(എച്ച്) മുന്നോക്കവിഭാഗങ്ങളെ സംബന്ധിക്കുന്ന ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച്, പ്രത്യേകിച്ച് അവർ അഭിമുഖീകരിക്കുന്ന വൈഷമ്യങ്ങളെ സംബന്ധിച്ച്, സർക്കാരിന് കാലാകാലങ്ങളിലോ പ്രത്യേകമായോ റിപ്പോർട്ട് സമർപ്പിക്കുക;

(ഐ) മുന്നോക്കവിഭാഗങ്ങളുടെ സംരക്ഷണവും ക്ഷേമവും വികസനവും ഉന്നമനവുമായി ബന്ധപ്പെട്ട് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുക;

(ജെ) മുന്നോക്കവിഭാഗങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ ഏൽപ്പിച്ചുകൊടുക്കുന്ന മറ്റേതെങ്കിലും കാര്യം ചെയ്യുക.

10. സർട്ടിഫിക്കറ്റ്.—സംസ്ഥാന മുന്നോക്കവിഭാഗ കമ്മീഷന്റെ ശിപാർശ പ്രകാരം, സംസ്ഥാനത്ത് താമസിക്കുന്ന മുന്നോക്കവിഭാഗത്തിൽപ്പെടുന്നവർക്ക് സർക്കാർ നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും ഫാറത്തിലും മുന്നോക്ക സമുദായ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

11. റിപ്പോർട്ട് വയ്ക്കൽ.—സർക്കാർ, 9-ാം വകുപ്പ് (ഇ) ഖണ്ഡത്തിൽ പരാമർശിക്കുന്ന പ്രകാരമുള്ള റിപ്പോർട്ടുകൾ, അതിന്മേലെടുത്തതോ എടുക്കുവാൻ ഉദ്ദേശിക്കുന്നതോ ആയ നടപടിയും ശിപാർശകൾ സ്വീകരിക്കാതിരിക്കുവാനുള്ള കാരണങ്ങൾ, എന്തെങ്കിലുമുണ്ടെങ്കിൽ, അതും വിശദമാക്കിക്കൊണ്ട്, നിയമസഭ മുൻപാകെ വയ്പിക്കേണ്ടതാണ്.

12. കമ്മീഷന്റെ അധികാരങ്ങൾ.—(1) കമ്മീഷന്, 9-ാം വകുപ്പ് പ്രകാരമുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുമ്പോൾ, ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും, പ്രത്യേകിച്ചും താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച്, ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) സംസ്ഥാനത്തിന്റെ ഏത് ഭാഗത്തുനിന്നും ഏതൊരാളെയും വിളിച്ചു വരുത്തുകയും ഹാജരാകുന്നത് ഉറപ്പുവരുത്തുകയും സത്യപ്രതിജ്ഞയിന്മേൽ അയാളെ വിസ്തരിക്കുകയും ചെയ്യുക;

(ബി) ഏതെങ്കിലും രേഖ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുക;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുക;

(ഡി) ഏതെങ്കിലും കോടതിയിൽ നിന്നോ ഓഫീസിൽ നിന്നോ ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുക;

(ഇ) സാക്ഷികളെ വിസ്തരിക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്യുക;

(എഫ്) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും സംഗതികൾ.

(2) കമ്മീഷന്, അന്വേഷണത്തെ സംബന്ധിക്കുന്ന തെളിവെടുപ്പിനാവശ്യമുള്ള ആവശ്യത്തിലേക്കായി സർക്കാരിന്റെ ഏതൊരു ഉദ്യോഗസ്ഥന്റെയോ അന്വേഷണ ഏജൻസിയുടെയോ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

(3) (2)-ാം ഉപവകുപ്പുപ്രകാരം ഏതൊരു ഉദ്യോഗസ്ഥന്റെയോ അന്വേഷണ ഏജൻസിയുടെയോ സേവനമാണോ ഉപയോഗപ്പെടുത്തിയിട്ടുള്ളത് ആ ഉദ്യോഗസ്ഥനോ ഏജൻസിയോ അതു സംബന്ധിച്ച് അന്വേഷണം നടത്തി തെളിവെടുപ്പ് നടത്തേണ്ടതും, അതിന്മേലുള്ള റിപ്പോർട്ട്, കമ്മീഷൻ ഇതിനായി നിശ്ചയിക്കുന്ന കാലയളവിനുള്ളിൽ, കമ്മീഷന് സമർപ്പിക്കേണ്ടതുമാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരം സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ എത്തിച്ചേർന്നിട്ടുള്ള ഏതെങ്കിലും നിഗമനത്തിന്റെയോ റിപ്പോർട്ടിലെ വസ്തുതകളുടെയോ കൃത്യത സംബന്ധിച്ച് കമ്മീഷൻ സ്വയം ബോദ്ധ്യപ്പെടേണ്ടതും ഈ ഉദ്ദേശ്യത്തിലേക്ക് തെളിവെടുപ്പ് നടത്തിയതോ അതിനു സഹായിച്ചതോ ആയ ആളുടെ വിസ്താരം ഉൾപ്പെടെ അതിന് യുക്തമെന്നു തോന്നുന്ന അന്വേഷണം നടത്താവുന്നതുമാണ്.

13. <u>ആളുകൾ കമ്മീഷന് നൽകുന്ന പ്രസ്താവനകൾ.</u>—ഒരാൾ തെളിവെടുപ്പ് സമയത്ത് കമ്മീഷൻ മുൻപാകെ ആ ആളെ സംബന്ധിച്ച് നൽകുന്ന പ്രസ്താവന, അങ്ങനെയുള്ള പ്രസ്ഥാവനവഴി തെറ്റായ തെളിവു നൽകിയതിനുള്ള പ്രോസിക്യൂഷൻ നടപടിയിൽ ഒഴികെ, ഏതെങ്കിലും സിവിൽ കോടതിയിലോ ക്രിമിനൽ കോടതിയിലോ ഉള്ള നടപടികളിൽ പ്രസ്തുത ആളിനെതിരായി ഉപയോഗിക്കുവാൻ പാടുള്ളതല്ല:

എന്നാൽ ആ പ്രസ്താവന,—

(എ) കമ്മീഷൻ ആ ആളിനോട് മറുപടി പറയാൻ ആവശ്യപ്പെട്ട ചോദ്യത്തിനുള്ള മറുപടിയായി നൽകിയത്; അല്ലെങ്കിൽ

(ബി) കമ്മീഷൻ തെളിവെടുക്കുന്ന വിഷയത്തിൽ പ്രസക്തിയുള്ളത്; ആയിരിക്കണം.

14. <u>ദോഷകരമായി ബാധിക്കാനിടയുള്ള ആളുകളെ കേൾക്കണമെന്ന്.</u>— തെളിവെടുപ്പിന്റെ ഏതെങ്കിലും ഘട്ടത്തിൽ കമ്മീഷന്,—

(എ) ഏതെങ്കിലും ആളുടെ സ്വഭാവത്തെപ്പറ്റി അന്വേഷിക്കേണ്ടത് ആവശ്യമാണെന്ന അഭിപ്രായമുണ്ടെങ്കിൽ; അല്ലെങ്കിൽ

(ബി) തെളിവെടുപ്പുകൊണ്ട് ഏതെങ്കിലും ആളിന്റെ കീർത്തിയെ ദോഷകരമായി ബാധിക്കുവാൻ ഇടയുണ്ടെന്ന് അഭിപ്രായമുണ്ടെങ്കിൽ;

അയാളെ കേൾക്കുന്നതിനും അയാളുടെ പ്രതിരോധത്തിനുള്ള തെളിവുകൾ ഹാജരാക്കുന്നതിനും ന്യായമായ അവസരം നൽകേണ്ടതുമാണ്.

## അദ്ധ്യായം IV

## ധനകാര്യവും കണക്കുകളും ആഡിറ്റും

15. സർക്കാരിൽ നിന്നുള്ള ഗ്രാന്റ്.—(1) സർക്കാർ, നിയമസഭയിൽ ഇതിലേക്കായി നിയമംമൂലം യഥാവിധി ധനവിനിയോഗം നടത്തിയതിനുശേഷം, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് വിനിയോഗിക്കപ്പെടുന്നതിനായി ആവശ്യമെന്ന് കരുതുന്ന പ്രകാരമുള്ള തുക ഗ്രാന്റായി കമ്മീഷന് നൽകേണ്ടതാണ്.

(2) കമ്മീഷന്, ഈ ആക്റ്റ് പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് അതിന് യുക്തമെന്ന് കരുതുന്ന തുക ഗ്രാന്റിൽ നിന്ന് ചെലവാക്കാവുന്നതും അപ്രകാരമുള്ള തുക (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഗ്രാന്റിൽ നിന്ന് നൽകേണ്ടതായ ചെലവായി കരുതേണ്ടതുമാണ്.

16. കണക്കുകളും ആഡിറ്റും.—(1) കമ്മീഷൻ, ശരിയായ കണക്കുകളും മറ്റ് പ്രസക്ത റിക്കാർഡുകളും സൂക്ഷിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

(2) കമ്മീഷന്റെ കണക്കുകൾ ഇതിലേക്കായി കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ചുമതലപ്പെടുത്തിയ ആഡിറ്റർ വർഷംതോറും ആഡിറ്റ് ചെയ്യേണ്ടതാണ്.

(3) ആഡിറ്റ് ചെയ്യുന്നതിന്റെ ആവശ്യത്തിലേക്കായി കമ്മീഷന്റെ എല്ലാ കണക്കുകളും മറ്റ് റിക്കാർഡുകളും ആഡിറ്റർക്ക് ലഭ്യമാക്കേണ്ടതാണ്.

17. വാർഷിക റിപ്പോർട്ട്.—കമ്മീഷൻ, മുൻ സാമ്പത്തികവർഷത്തിലെ അതിന്റെ പ്രവർത്തനങ്ങളുടെ പൂർണ്ണവിവരം നൽകുന്ന വാർഷിക റിപ്പോർട്ട് ഓരോ സാമ്പത്തിക വർഷത്തേക്കും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും സമയത്തും തയ്യാറാക്കേണ്ടതും ആയതിന്റെ ഒരു പകർപ്പ് സർക്കാരിലേക്ക് നേരിട്ട് അയയ്ക്കേണ്ടതുമാണ്.

18. ആഡിറ്റ് റിപ്പോർട്ട് നിയമസഭ മുൻപാകെ വയ്ക്കണമെന്ന്.—സർക്കാർ, ആഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചുകഴിഞ്ഞാൽ, കഴിയുന്നത്രവേഗം, അവ നിയമസഭ മുൻപാകെ വയ്പ്പിക്കേണ്ടതാണ്.

## അദ്ധ്യായം V

## പലവക

19. കമ്മീഷന്റെ ചെയർപേഴ്സണും അംഗങ്ങളും ജീവനക്കാരും പബ്ലിക് സെർവന്റുമാർ ആയിരിക്കുമെന്ന്.—കമ്മീഷന്റെ ചെയർപേഴ്സണും അംഗങ്ങളും ഉദ്യോഗസ്ഥരും ജീവനക്കാരും 1860-ലെ ഇന്ത്യൻ ശിക്ഷാനിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക് സെർവന്റുമാരായി കരുതപ്പെടേണ്ടതാണ്.

20. ചട്ടങ്ങളുണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ചട്ടങ്ങളിൽ, പ്രത്യേകിച്ചും മുൻപറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) 4-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം ചെയർപേഴ്സണും അംഗങ്ങൾക്കും, 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും അവരുടെ സേവനം സംബന്ധിച്ച മറ്റ് നിബന്ധനകളും ഉപാധികളും;

(ബി) 10-ാം വകുപ്പ് പ്രകാരം സർക്കാർ, മുന്നോക്ക സമുദായ സർട്ടിഫിക്കറ്റ് നൽകേണ്ട രീതിയും ഫാറവും;

(സി) 12-ാം വകുപ്പ് (എഫ്) ഖണ്ഡത്തിൻകീഴിലുള്ള മറ്റേതെങ്കിലും കാര്യം;

(ഡി) 16-ാം വകുപ്പ്, (1)-ാം ഉപവകുപ്പ് പ്രകാരം തയ്യാറാക്കേണ്ടതായ വാർഷിക കണക്ക് സ്റ്റേറ്റ്മെന്റിന്റെ ഫാറം;

(ഇ) 17-ാം വകുപ്പ് പ്രകാരം വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതായ ഫാറവും സമയവും;

(എഫ്) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും സംഗതികൾ.

(3) ഈ ആക്റ്റ് പ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന, ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതി പോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും

രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കേണ്ടതാണ്.

21. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ വിജ്ഞാപനം ചെയ്ത ഉത്തരവു വഴി, അങ്ങനെയുള്ള വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ, വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്.

എന്നാൽ അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ടു വർഷക്കാലത്തിനുശേഷം പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഓരോ ഉത്തരവും അത് പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

22. റദ്ദാക്കലും ഒഴിവാക്കലും.—(1) 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ഓർഡിനൻസ് (2015-ലെ 8) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തെ 26 ശതമാനത്തോളം വരുന്ന മുന്നോക്ക വിഭാഗങ്ങൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംവരണ നയങ്ങളിലോ പദ്ധതികളിലോ ഉൾപ്പെട്ടിട്ടില്ല. ചരിത്രപരവും സാമൂഹ്യപരവുമായ കാരണങ്ങളാൽ ഈ വിഭാഗങ്ങളിലെ നല്ലൊരു ശതമാനവും സാമ്പത്തികമായി പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരാണ്. പട്ടികജാതി/പട്ടികവർഗ്ഗ, പിന്നാക്ക, ന്യൂനപക്ഷ സമുദായങ്ങൾക്ക് ലഭിച്ചുവരുന്ന സംവരണം, മുന്നോക്ക വിഭാഗങ്ങളിലെ യുവജനങ്ങളുടെ വിദ്യാഭ്യാസപരവും തൊഴിൽപരവുമായ സാധ്യതകളെ പരിമിതപ്പെടുത്തുന്നുണ്ട്. കൂടാതെ മറ്റു ചരിത്രപരവും സാമൂഹ്യവും സാംസ്കാരികവുമായ കാരണങ്ങളാലും, മുന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് അവരുടെ ജീവനോപാധി കണ്ടെത്തുന്നതിനോ അവസരങ്ങൾ ഉപയോഗിക്കുന്നതിനോ കഴിയാതെവരുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ജനവിഭാഗങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതി ഉറപ്പുവരുത്തുന്നതിനുമായി, സംസ്ഥാനത്തെ മുന്നോക്ക വിഭാഗങ്ങളെ കണ്ടെത്തുന്നതിനും അവർക്കായി വിവിധ ക്ഷേമ പ്രവർത്തനങ്ങൾ സർക്കാരിലേക്ക് ശിപാർശ ചെയ്യുന്നതിനുമായി ഒരു കമ്മീഷൻ രൂപീകരിക്കേണ്ടത് ആവശ്യമാണെന്ന് സർക്കാരിന് ബോധ്യപ്പെടുകയുണ്ടായി. ഈ ലക്ഷ്യം

സാക്ഷാത്ക്കരിക്കുന്നതിന് സുപ്രീം കോടതിയിലോ ഹൈക്കോടതിയിലോ നിലവിൽ സേവനമനുഷ്ഠിക്കുന്നതോ വിരമിച്ചതോ ആയ ഒരു ജഡ്ജിയുടെ നേതൃത്വത്തിലുള്ള നാലംഗ കേരള സംസ്ഥാന മുന്നോക്ക സമുദായ കമ്മീഷനെ നിയമിക്കുവാൻ സർക്കാർ തീരുമാനിച്ചു.

2. ഈ വിഷയം സംബന്ധിച്ച സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിമൂന്നാം കേരള നിയമസഭ ബിൽ നമ്പർ 254 ആയി പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും, ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ സാധിച്ചില്ല.

3. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ തീരുമാനം അടിയന്തരമായി നടപ്പാക്കേണ്ട സാഹചര്യങ്ങൾ നിലവിലുണ്ടായിരുന്നതിനാലും 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ഓർഡിനൻസ് (2015-ലെ 8-ാം നമ്പർ ഓർഡിനൻസ്) 2015 മേയ് 16-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2015 മേയ് 16-ാം തീയതിയിലെ 1178-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. 2015-ലെ 8-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷന്റെ ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും 5-ാം ഖണ്ഡത്തിൽ പരാമർശിക്കുന്ന കമ്മീഷന്റെ ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും പെൻഷൻ ഉൾപ്പെടെയുള്ള ഭരണപരമായ ചെലവുകളും 15-ാം ഖണ്ഡം (1)-ാം ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഗ്രാന്റിൽ നിന്നും നൽകേണ്ടതാണ് എന്ന് ബില്ലിന്റെ 6-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. കമ്മീഷന്റെ കണക്കുകൾ, കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഇതിലേക്കായി ചുമതലപ്പെടുത്തിയ ആഡിറ്റർ എല്ലാ വർഷവും, ആഡിറ്റ് ചെയ്യണമെന്ന് ബില്ലിലെ 16-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

2. ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്യുമ്പോൾ കമ്മീഷന് കാര്യക്ഷമമായി പ്രവർത്തിക്കുവാൻ ആവശ്യമായേക്കാവുന്ന മേൽപ്പറഞ്ഞ ചെലവുകൾക്കുള്ള ഫണ്ട് ഗ്രാന്റായി സർക്കാർ നൽകേണ്ടതുണ്ട്. ഈ ഇനത്തിൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ഏറ്റവും കുറഞ്ഞ ആവർത്തക ചെലവായി 150 ലക്ഷം രൂപയും അനാവർത്തകചെലവായി 50 ലക്ഷം രൂപയും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, ഗസറ്റ് വിജ്ഞാപനം വഴി, മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ രൂപീകരിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. കമ്മീഷനിലെ ചെയർപേഴ്സണും അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും സേവനം സംബന്ധിച്ച മറ്റ് നിബന്ധനകളും ഉപാധികളും നിർണ്ണയിക്കുന്നതിന് യഥാക്രമം ബില്ലിലെ 4-ാം ഖണ്ഡം (5)-ാം ഉപഖണ്ഡവും 5-ാം ഖണ്ഡം (2)-ാം ഉപഖണ്ഡവും, സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. മുന്നോക്ക വിഭാഗങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനും വികസനത്തിനും ഉന്നമനത്തിനുമായുള്ള മറ്റു ചുമതലകൾ ചട്ടങ്ങളാൽ നിർണ്ണയിക്കുന്നതിന് ബില്ലിലെ 9-ാം ഖണ്ഡം (ഐ) ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. സംസ്ഥാന സർക്കാർ മുന്നോക്ക സമുദായ സർട്ടിഫിക്കറ്റ് നൽകേണ്ട രീതിയും ഫാറവും നിർണ്ണയിക്കുന്നതിന് ബില്ലിലെ 10-ാം ഖണ്ഡം, സർക്കാരിനെ അധികാരപ്പെടുത്തുന്നു.

5. കമ്മീഷന് സിവിൽ കോടതിയുടെ അധികാരമുണ്ടായിരിക്കേണ്ട മറ്റേതെങ്കിലും സംഗതി നിർണ്ണയിക്കുവാൻ, ബില്ലിലെ 12-ാം ഖണ്ഡം (1)-ാം ഉപഖണ്ഡത്തിന്റെ (എഫ്) ഇനം, സർക്കാരിനെ അധികാരപ്പെടുത്തുന്നു.

6. കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടത് ഏതു ഫാറത്തിൽ ആയിരിക്കണം എന്ന് നിർണ്ണയിക്കുന്നതിന്, ബില്ലിലെ 16-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, സർക്കാരിനെ അധികാരപ്പെടുത്തുന്നു.

7. കമ്മീഷന്റെ വാർഷിക റിപ്പോർട്ട് തയ്യാറാക്കാനുള്ള ഫാറവും സമയവും നിർണ്ണയിക്കുന്നതിന്, ബില്ലിലെ 17-ാം ഖണ്ഡം, സർക്കാരിനെ അധികാരപ്പെടുത്തുന്നു.

8. ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ടി, ഗസറ്റ് വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കുന്നതിന്, ബില്ലിലെ 20-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, സർക്കാരിനെ അധികാരപ്പെടുത്തുന്നു.

9. ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുമ്പോൾ നേരിടുന്ന ഏതെങ്കിലും വൈഷമ്യം നീക്കം ചെയ്യുന്ന ആവശ്യത്തിലേക്ക് ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന്, ബില്ലിലെ 21-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, സർക്കാരിനെ അധികാരപ്പെടുത്തുന്നു.

10. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അല്ലെങ്കിൽ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നത്, അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയോ ആകുന്നു. കൂടാതെ, അപ്രകാരമുള്ള ചട്ടങ്ങളും ഉത്തരവുകളും നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. അതിനാൽ, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഉമ്മൻ ചാണ്ടി.